
## കത്തുകൾ




# ഉദ്ധരണികളിൽ വൈരുധ്യമുണ്ടോ?

**"ഇന്ത്യൻ** ജമാഅത്തെ ഇസ്‌ലാമി തിയോക്രാറ്റിക് സ്റ്റേറ്റിനു വേണ്ടി വാദിക്കുകയോ മതത്തെ രാഷ്ട്രീയവുമായി കൂട്ടിക്കുഴക്കുകയോ ചെയ്യുന്ന പ്രസ്ഥാനമല്ല" (*പ്രബോധനം* 1998 ആഗസ്റ്റ് 15). "രാഷ്ട്രീയം കൂടി ഉൾക്കൊള്ളുന്ന ഇസ്‌ലാമിന്റെ സമഗ്രസുന്ദരമായ ചിത്രം ജമാഅത്തെ ഇസ്‌ലാമി രാജ്യത്തിന്റെ മുമ്പാകെ അവതരിപ്പിക്കുന്നു" (*ബോധനം* ലക്കം 1).

"മതരാഷ്ട്ര വിഭജനത്തെ അനുകൂലിക്കുന്നവരോട് നാം ചോദിക്കുന്നു. ക്രിസ്തുമതം കൊണ്ടുവന്നതാണോ ഇസ്‌ലാം മതം കൊണ്ടുവന്നത്? സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും നൽകുക എന്നത് ഇസ്‌ലാം പറഞ്ഞിട്ടുണ്ടോ?" (*പ്രബോധനം* 1998 ഒക്ടോബർ 5). "ഞാൻ ഊന്നിപ്പറയാൻ ആഗ്രഹിക്കുന്ന കാര്യം ഇസ്‌ലാം ജീവിതത്തിന്റെ സമ്പൂർണ പദ്ധതിയാണ് എന്നുള്ളതത്രെ. മതവും രാഷ്ട്രീയവും ഭിന്നമല്ല" (ഖറദാവി, *ബോധനം* ലക്കം 1). 'ജമാഅത്തെ ഇസ്‌ലാമിയുടെ ലക്ഷ്യം മതരാഷ്ട്ര സ്ഥാപനമാണെന്ന ആരോപണം സാമ്രാജ്യത്വ ശക്തികൾ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കെതിരെ മുമ്പേ നടത്തിയ പ്രചാരണത്തിന്റെ തുടർച്ചയാണ്. മനഃസ്ഥിതി മാറ്റത്തിലൂടെ വ്യവസ്ഥിതി മാറ്റമാണ് ജമാഅത്ത് ലക്ഷ്യമാക്കുന്നത്" (*മാധ്യമം* ദിനപത്രം, 1998 ആഗസ്റ്റ് 24).

ഇത്രയും ഉദ്ധരണികൾ നിരത്തിവെച്ച് ജമാഅത്തെ ഇസ്‌ലാമിയുടെ വാദങ്ങളിൽ കടുത്ത വൈരുധ്യങ്ങളുണ്ടന്ന് വാദിക്കുന്നു ഉസ്മാൻ പാലക്കാഴി (*ഇസ്‌ലാഹ്* മാസിക, ഒക്ടോബർ 2007). മതവും രാഷ്ട്രീയവും ഭിന്നമല്ലെന്നും മതരാഷ്ട്ര വിഭജനം നടത്തുന്നത് അനിസ്‌ലാമികമാണെന്നും ചിലയിടങ്ങളിൽ വാദിക്കുന്ന ജമാഅത്തെ ഇസ്‌ലാമി, മറ്റു ചില അവസരങ്ങളിൽ തങ്ങൾ മതത്തെയും രാഷ്ട്രീയത്തെയും കൂട്ടിക്കുഴക്കുന്നവരല്ലെന്ന് അവകാശപ്പെടുന്നുവെന്നും ഇത് അവസരവാദവും വൈരുധ്യവുമാണെന്നും അദ്ദേഹം ആരോപിക്കുന്നു.

യഥാർഥത്തിൽ ജമാഅത്തെ ഇസ്‌ലാമി സംസാരിക്കുന്നത് മതത്തെക്കുറിച്ചോ രാഷ്ട്രീയത്തെക്കുറിച്ചോ വ്യക്തിജീവിതത്തെക്കുറിച്ചോ സാമൂഹിക ജീവിതത്തെക്കുറിച്ചോ ഒന്നുമല്ല, മറിച്ച് ഇസ്‌ലാമിനെക്കുറിച്ചും ഇസ്‌ലാമിക ജീവിതത്തെക്കുറിച്ചുമാണ്. ജീവിതത്തിന്റെ മുഴുവൻ മേഖലകളിലും ദൈവികമൂല്യങ്ങൾക്ക് കീഴ്പ്പെടുന്നതിനെയാണ് ഇസ്‌ലാം എന്നു പറയുന്നത്. ദൈവിക പ്രകൃതിയോടെയുള്ള, സംശുദ്ധമായ ഇത്തരമൊരു വ്യവസ്ഥിതിയിൽ മനുഷ്യജീവിതത്തെ മതജീവിതം, രാഷ്ട്രീയ ജീവിതം, വ്യക്തിജീവിതം, സാമൂഹിക ജീവിതം എന്നിങ്ങനെ കൃത്രിമമായി വിഭജിക്കുന്ന പ്രശ്നമേ ഉദിക്കുന്നില്ല എന്നതോടൊപ്പം, മതത്തെയും രാഷ്ട്രീയത്തെയുമോ മറ്റു വല്ല ഘടകങ്ങളെയോ കൃത്രിമമായി കൂട്ടിക്കുഴക്കുന്ന പ്രശ്നവും ഉദിക്കുന്നില്ല. മനുഷ്യൻ വിവിധങ്ങളായി വിഭജിച്ചതോ ഇനിയും വിഭജിച്ചിട്ടില്ലാത്തതോ ആയ ജീവിതത്തിന്റെ മുഴുവൻ മേഖലകളെയും ദൈവികമൂല്യങ്ങൾക്കനുസരിച്ച് വാർത്തെടുക്കുന്നതിനെയാണ് ഇസ്‌ലാമിക പ്രസ്ഥാനം 'ഇഖാമത്തുദ്ദീൻ' (ദീനിന്റെ സംസ്ഥാപനം) എന്നു വിളിക്കുന്നത്.

'മതത്തെയും രാഷ്ട്രീയത്തെയും കൂട്ടിക്കുഴക്കുക' എന്ന് പൊതുസമൂഹത്തിൽ ഉപയോഗിക്കുന്നത് മറ്റൊരു സംഗതിയെ ഉദ്ദേശിച്ചാണ്. മതവികാരം, മതചിഹ്നങ്ങൾ എന്നിവയെ അധികാര ലബ്ധിക്കുവേണ്ടിയോ തെരഞ്ഞെടുപ്പു രാഷ്ട്രീയത്തിൽ വോട്ട് ലഭിക്കുന്നതിനു വേണ്ടിയോ ദുരുപയോഗം ചെയ്യുന്നതിനെയാണ് 'മതത്തെയും രാഷ്ട്രീയത്തെയും കൂട്ടിക്കുഴക്കുക' എന്ന് പറയുന്നത്. ദൈവവിശ്വാസി പോലുമല്ലെന്ന് പറയപ്പെടുന്ന എൽ.കെ അദ്വാനിയെപ്പോലുള്ള ഒരാൾ രാമജന്മഭൂമിയുടെ പേരു പറഞ്ഞ് രഥയാത്രകൾ നടത്തുകയും വർഗീയ കലാപങ്ങൾ ഇളക്കിവിടുകയും അങ്ങനെ മതവികാരത്തെയും മതചിഹ്നങ്ങളെയും അധികാര മോഹത്തിന്റെ സ്വാർഥ താൽപര്യങ്ങൾക്ക് ഉപയോഗപ്പെടുത്തുകയും ചെയ്തത് മതത്തെയും രാഷ്ട്രീയത്തെയും കൂട്ടിക്കുഴച്ചതിന് ഉദാഹരണമാണ്. തങ്ങളുടെ എതിർ കക്ഷികളുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ വികസന സംരംഭങ്ങൾക്ക് തടയിടാനും രാഷ്ട്രീയ നേട്ടമുണ്ടാക്കാനും വേണ്ടി സംഘ്പരിവാർ ഈയിടെ നടത്തിയ രാമസേതു പ്രക്ഷോഭം മറ്റൊരു ഉദാഹരണമാണ്. മുസ്‌ലിം സാമുദായിക രാഷ്ട്രീയ പാർട്ടികളും ലഘുവായ രൂപത്തിൽ മതത്തെ രാഷ്ട്രീയ നേട്ടത്തിന് ഉപയോഗിക്കുന്നുണ്ട്.

മതസംഘടനകൾ ജമാഅത്തിന്റെ പേരിൽ ആരോപിക്കുന്ന വൈരുധ്യങ്ങൾ, ഒന്നിരുത്തി ചിന്തിച്ചാൽ വൈരുധ്യങ്ങളല്ലാതായി മാറും. കുറച്ച് പേജുകൾ ജമാഅത്തിനു വേണ്ടി നീക്കിവെക്കണമെന്ന് നിർബന്ധമുണ്ടെങ്കിൽ, പുതിയ പുതിയ വൈരുധ്യങ്ങൾ കണ്ടുപിടിക്കുന്നത് തുടരേണ്ടിവരും.

**ഹനീഫ് വളാഞ്ചേരി**

# പിന്നാക്ക സംവരണത്തെ തകർക്കാൻ

**പിന്നാക്ക** വിഭാഗത്തിൽപെട്ടവരുടെ ഉപരിപഠന സ്വപ്നങ്ങൾ തകർക്കുന്ന നീക്കങ്ങളാണ് രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത്. സുപ്രീം കോടതിയിൽനിന്നുണ്ടായ ഉത്തരവ് ദരിദ്രരായ പിന്നാക്ക വിഭാഗക്കാരെ ഏറെ ആശങ്കപ്പെടുത്തുന്നതാണ്. ആന്ധ്രപ്രദേശിലെ കോൺഗ്രസ് സർക്കാർ സംസ്ഥാനത്തെ പ്രഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മുസ്‌ലിംകൾക്ക് നാലു ശതമാനം സംവരണമേർപ്പെടുത്തിയതിനെതിരെയാണ് കോടതിയുടെ വിമർശനം. മുസ്‌ലിംകൾക്ക് നാലു ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ടുള്ള ഓർഡിനൻസിന്റെ പേരിൽ കോളേജുകളിൽ പ്രവേശനം നടത്തരുതെന്നാണ് കോടതി സർക്കാറിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. ഓർഡിനൻസിന്റെ ഭരണഘടനാ സാധുതയെ ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജിയിൽ ആന്ധ്ര സർക്കാറിന് കോടതി നേരത്തേ നോട്ടീസയച്ചിരുന്നു. ബി.ജെ.പി നേതാവും അഭിഭാഷകനുമായ അരുൺ ജെയ്റ്റ്ലിയാണ് ഹർജിക്കാർക്കു വേണ്ടി ഹാജരായത്. ആന്ധ്രയിൽ സർക്കാർ ജോലികളിൽ മുസ്‌ലിംകൾക്ക് അഞ്ചു ശതമാനം സംവരണം നൽകാനുള്ള നീക്കവും കോടതി തടഞ്ഞിരുന്നു. ബി.ജെ.പിയും തെലുങ്കുദേശവുമാണ് അന്ന് ഹർജി നൽകിയത്.

തമിഴ്നാട്ടിൽ മുസ്‌ലിം-ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളിലെ പിന്നാക്കക്കാർക്ക് 3.5 ശതമാനം വീതം തൊഴിൽ-വിദ്യാഭ്യാസ സംവരണം ഏർപ്പെടുത്തിയതിനെതിരെ കേന്ദ്ര-സംസ്ഥാന സർക്കാറുകൾക്ക് ചെന്നൈ ഹൈക്കോടതി നോട്ടീസ് അയച്ചിരുന്നു. കേന്ദ്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 27 ശതമാനം പിന്നാക്ക സംവരണം ഏർപ്പെടുത്തിയ തീരുമാനത്തിൽനിന്ന് പിന്തിരിയുന്ന

പ്രശ്നമില്ലെന്ന് സർക്കാർ സുപ്രീം കോടതിയെ അറിയിച്ചിട്ടുണ്ട്.

ഈ വർഷം തന്നെ പിന്നാക്ക സംവരണം പ്രാവർത്തികമാക്കുമെന്നായിരുന്നു മാനവ വിഭവശേഷി വകുപ്പ് മന്ത്രി അർജുൻ സിംഗ് പ്രഖ്യാപിച്ചിരുന്നത്. സംവരണം ഏർപ്പെടുത്തുമ്പോൾ മെറിറ്റ് സീറ്റിന്റെ എണ്ണം കുറയുമെന്ന ആശങ്കക്ക് വകയില്ലെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. സീറ്റുകളുടെ എണ്ണം വർധിപ്പിച്ച് ഈ പ്രശ്നത്തിന് പരിഹാരം കണ്ടിരുന്നു. സംവരണത്തിന്മേലുള്ള സ്റ്റേ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് മൂന്ന് തവണ സർക്കാർ കോടതിയെ സമീപിച്ചിരുന്നെങ്കിലും ഫലമുണ്ടായില്ല.

പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപെട്ട വിദ്യാർഥികളും ഏറെ പ്രതീക്ഷയോടെയാണ് സർക്കാർ നടപടിയെ വീക്ഷിക്കുന്നത്. സാമ്പത്തികവും സാമൂഹികവുമായ കാരണങ്ങളാൽ ഈ വിഭാഗത്തിൽ പെട്ട ഭൂരിഭാഗം വിദ്യാർഥികൾക്കും ഉപരിപഠനം വഴിമുട്ടി നിൽക്കുകയാണ്. ജനസംഖ്യയുടെ പകുതിയും ഈ വിഭാഗത്തിൽ പെട്ടവരാണ്. സുപ്രീം കോടതിയുമായി ഏറ്റുമുട്ടലിന് തയാറല്ലെന്ന് കേന്ദ്രസർക്കാർ സൂചിപ്പിച്ചിട്ടുണ്ട്. സ്റ്റേ നീക്കാൻ ആവശ്യമായ നിയമ നടപടികളുമായി മുന്നോട്ടുപോകുമെന്ന് മാനവ വിഭവശേഷി വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ സി.പി.എം പോലുള്ള ഇടതുപക്ഷ സംഘടനകളിൽനിന്ന് ആവശ്യമായ പിന്തുണ സർക്കാറിന് ലഭിച്ചിട്ടില്ല. മതാടിസ്ഥാനത്തിലുള്ള സംവരണത്തെ അനുകൂലിക്കില്ലെന്നാണ് സി.പി.എമ്മിന്റെ നിലപാട്. എന്നാൽ കരുണാനിധിയടക്കമുള്ള ചില നേതാക്കൾ സർക്കാറിന് ശക്തമായ പിന്തുണ പ്രഖ്യാപിച്ചുകഴിഞ്ഞു. ഒ.ബി.സി സംവരണം നടപ്പിലാക്കണമെന്നും ഇതിനെ ചോദ്യം ചെയ്യുന്ന ശക്തികളെ ഒറ്റപ്പെടുത്തണമെന്നും ഡി.എം.കെ ആവശ്യപ്പെട്ടിട്ടുണ്ട്.

അലീഗഢ് മുസ്‌ലിം സർവകലാശാലയിലെ പ്രഫഷണൽ കോഴ്സുകളിൽ മുസ്‌ലിംകൾക്ക് 50 ശതമാനം സംവരണമേർപ്പെടുത്താനുള്ള നീക്കത്തെ ബി.ജെ.പി കോടതിയിൽ ചോദ്യം ചെയ്തത് വൻ വിവാദം സൃഷ്ടിച്ചിരുന്നു. ഇലാഹാബാദ് ഹൈക്കോടതിയുടെ വിധിയെത്തുടർന്ന് അലീഗഢ് സംവരണം പ്രാവർത്തികമായില്ല. ഇതിന്റെ പേരിൽ സംഘ്പരിവാർ സംഘടനകൾ വർഗീയ സംഘർഷം സൃഷ്ടിക്കാൻ പോലും ശ്രമിച്ചിരുന്നു. 1981-ൽ മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ന്യൂനപക്ഷ പദവി നൽകിയ സർവകലാശാലയുടെ പുരോഗതി തടയാൻ വർഗീയ ശക്തികൾ നടത്തിയ ഗൂഢാലോചന വിജയിക്കുകയായിരുന്നു. സർവകലാശാലയുടെ ന്യൂനപക്ഷ പദവി റദ്ദാക്കിയപ്പോൾ ബി.ജെ.പിയും സി.പി.ഐയും അതിനെ സ്വാഗതം ചെയ്തു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സാമുദായിക ക്വാട്ടയുണ്ടാക്കാനുള്ള നീക്കം കോടതി തടഞ്ഞത് ശരിയാണെന്നായിരുന്നു ഇരു പാർട്ടികളുടെയും നിലപാട്. കോടതിയുടെ സംവരണവിരുദ്ധ ഉത്തരവുകൾ തങ്ങൾക്ക് ലഭിക്കുന്ന അംഗീകാരമായാണ് ബി.ജെ.പി നേതാക്കൾ കരുതുന്നത്.

**പി മുഹമ്മദ് സാജിദ്**
**മേപ്പയൂർ**

## മൂല്യങ്ങൾ കൈവിട്ടുപോകാതിരിക്കാനുള്ള മുന്നറിയിപ്പ്

**തഫ്സൽ** ഇഅ്ജാസിന്റെ 'ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനത്തിന്റെ കർമ മാതൃക' (ലക്കം 20) വായിച്ചു. പ്രസ്ഥാനവും അതിന്റെ പോഷക വിഭാഗങ്ങളും മൂല്യങ്ങളിൽനിന്ന് വ്യതിചലിച്ചു പോകരുതെന്ന മുന്നറിയിപ്പാണ് അത് നൽകുന്നത്. ഇസ്‌ലാമിക പ്രസ്ഥാനത്തെ വ്യതിരിക്തമാക്കുന്നത് അതിന്റെ കർമമാതൃക തന്നെയാണ്. ആ കർമ മാതൃകയാകട്ടെ ഖുർആനിൽനിന്നും സുന്നത്തിൽനിന്നും മാത്രം കിട്ടുന്നതും. ഇന്ന് പ്രസ്ഥാനം കാര്യമായി ഊന്നുന്ന ഒരു സംഗതിയാണ് പ്രസ്ഥാനത്തിന്റെ ജനകീയവത്കരണം. ലേഖനത്തിലെ ഒരു പരാമർശം വളരെ ചിന്തനീയമാണ്: "നമ്മൾ നമ്മളല്ലാതായിത്തീർന്ന് ആളെ കൂട്ടേണ്ടതില്ല. അങ്ങനെയാവുമ്പോൾ ഈ ആൾക്കൂട്ടത്തെ നമുക്കു ചുറ്റും നിലനിർത്താൻ നാം പിന്നെയും കൂടുതൽ നമ്മിൽനിന്നുതന്നെയും ഇസ്‌ലാമിൽ നിന്നും അകലേണ്ടിവരും. ഇതാവരുത് നമ്മുടെ പ്രവർത്തന നയസമീപനങ്ങളുടെ വികാസം."

ദഅ്‌വത്തിന് ഏറ്റവും പ്രാധാന്യം കൊടുക്കേണ്ട പ്രസ്ഥാനം, ഇന്ന് പ്രചാരണമാധ്യമങ്ങൾക്ക് കൂടുതൽ പരിഗണന നൽകുന്നുണ്ടോ? വ്യക്തിതല ദഅ്‌വാ ബന്ധങ്ങൾക്ക് കൂടുതൽ ഊന്നൽ കൊടുക്കുന്ന ഒരു ദഅ്‌വാ സംസ്കാരമാണ് നാം വളർത്തിയെടുക്കേണ്ടത്. ഭൗതിക സംവിധാനങ്ങൾ ഒരു സഹായം മാത്രമായി സ്വീകരിക്കുകയും എന്നാൽ അതിനെ അന്ധമായി ആശ്രയിക്കാതെയുമുള്ള ഒരു പുതിയ സംസ്കാരമാണ് വളർത്തിയെടുക്കേണ്ടത്. അല്ലാഹു, പരലോകം തുടങ്ങിയ അടിസ്ഥാന വിശ്വാസങ്ങളെ ഊന്നിക്കൊണ്ട് പ്രവർത്തിക്കാനും, ഓരോ പ്രവർത്തകനും ഓരോ പ്രവർത്തനത്തിനു ശേഷം ഈമാനികമായി ശക്തിപ്പെടാനും സാധ്യമാകേണ്ടതുണ്ട്.

**എം.എസ് മന്നാനി, വെമ്പായം,**
**തിരുവനന്തപുരം**

## ■ ചുരുക്കെഴുത്ത്

**വി.എ** കബീർ എഴുതിയ 'ബേനസീറിന്റെ തിരിച്ചുവരവും സ്ഫോടനങ്ങളുടെ രാഷ്ട്രീയവും' എന്ന ലേഖനം വായിച്ചു. ചില മുൻവിധികളോടെയാണ് അദ്ദേഹം ലേഖനം എഴുതിയതെന്ന് തോന്നുന്നു. 140 പേർ കൊല്ലപ്പെട്ട ബോംബ് സ്ഫോടനം പോലും ബേനസീർ ആസൂത്രണം ചെയ്ത നാടകമാണെന്നാണ് ലേഖകൻ ആരോപിക്കുന്നത്. ബേനസീറിനനുകൂലമായി ഉണ്ടാകാൻ പോകുന്ന സഹതാപ തരംഗത്തെക്കുറിച്ച് ആശങ്കയും അദ്ദേഹം പ്രകടിപ്പിക്കുന്നു. ലേഖകൻ ആരുടെ പക്ഷത്താണ് എന്ന സംശയം ബാക്കിനിൽക്കുന്നു.

**വിനോദ്കുമാർ എടച്ചേരി**

## ഖാദിമാർ ചുമതലകൾ തിരിച്ചറിയണം

**ശൈഖ്** മുഹമ്മദ് കാരകുന്നിന്റെ 'സമുദായ സംസ്കരണവും മഹല്ല് സംവിധാനവും' എന്ന ലേഖനം (ലക്കം 18) വായിച്ചു. ഇന്ന് കേരളത്തിലെ ഭൂരിഭാഗം മഹല്ലുകൾക്കും നേതൃത്വം കൊടുക്കുന്നത് നാട്ടിലെ പ്രമാണിമാരും പണക്കാരും രാഷ്ട്രീയ നേതാക്കളുമാണ്. ഇവരിൽ ഭൂരിഭാഗത്തിനും പള്ളിയുമായി ഒരു ബന്ധവുമില്ല. നമസ്കാരം പോലും നിർവഹിക്കാത്ത കമ്മിറ്റി ഭാരവാഹികളുണ്ട്. ചില മഹല്ലിലെ പ്രസിഡന്റും സെക്രട്ടറിയും ആജീവനാന്തക്കാരാണ്. ആ സ്ഥാനങ്ങൾ പുതിയൊരാൾക്ക് വിട്ടുകൊടുക്കുന്ന പ്രശ്നമില്ല.

പള്ളി പരിപാലനവും അല്ലറ ചില്ലറ കുടുംബ വഴക്കുകൾ തീർക്കലും വിവാഹ മാമാങ്കത്തിന് സാക്ഷ്യം വഹിക്കലും കഴിഞ്ഞാൽ മഹല്ല് കമ്മിറ്റിയുടെ ഉത്തരവാദിത്വം തീർന്നു എന്ന അബദ്ധധാരണയാണ് ഇപ്പോഴുമുള്ളത്. യഥാർഥത്തിൽ അതത് പ്രദേശങ്ങളിൽ മുസ്‌ലിംസമൂഹത്തിന് നേതൃത്വം നൽകേണ്ടവരാണ് മഹല്ല് കമ്മിറ്റികൾ. മഹല്ല് നിവാസികളുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, വിദ്യാഭ്യാസ പ്രശ്നങ്ങളുടെ പരിഹാരം മഹല്ലിന്റെ അജണ്ടയായി മാറേണ്ടതുണ്ട്.

മഹല്ലിലെ ഖാദി പൊതുവെ മഹല്ല് കമ്മിറ്റിക്കാരുടെ ഇംഗിതത്തിനൊത്താണ് സംസാരിക്കുക. ഖുർആന്റെയും ഹദീസിന്റെയും വെളിച്ചത്തിൽ ശബ്ദിക്കാൻ ഖാദിക്ക് ധൈര്യമില്ല. ജോലിയും വരുമാനവും ഇല്ലാതാവുമെന്നുള്ള ഭയമാണ് കാരണം. നികാഹ് ചെയ്തുകൊടുക്കലും മയ്യിത്ത് നമസ്കാരത്തിന് നേതൃത്വം നൽകലും ഖുത്വ്ബ നിർവഹിക്കലുമൊക്കെയായി ഖാദി സ്വയം ഒതുങ്ങിക്കൂടുന്നു. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ശബ്ദിക്കാൻ ഖാദിമാർ ധൈര്യപ്പെടുന്നില്ല. ഖാദിയുടെ ഉത്തരവാദിത്വങ്ങൾ എന്താണെന്നു പോലും നമ്മുടെ നാട്ടിലെ ഖാദി എന്ന് വിളിക്കപ്പെടുന്ന മതപണ്ഡിതന് അജ്ഞാതമാണ്.

**റശീദ് വെളിയങ്കോട്, അബൂദബി**